Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

2.6.2018

All Kerala Press Release
*Ref: 254KCBC/K-6/KPR/DS*

# 'ആനന്ദിച്ച് ആഹ്ലാദിക്കുവിന്‍': പിഒസിയില്‍ പഠനശിബിരം നടത്തി

കൊച്ചി: 'ആനന്ദിച്ച് ആഹ്ലാദിക്കുവിന്‍' എന്ന ഫ്രാന്‍സിസ് മാര്‍പാപ്പയുടെ പുതിയ അപ്പസ്തോലിക പ്രബോധനത്തെ അടിസ്ഥാനമാക്കി പാലാരിവട്ടം പിഒസിയില്‍ ഏകദിന പഠനശിബിരം നടത്തി. കെസിബിസി ഡപ്യൂട്ടി സെക്രട്ടറി ഫാ. വര്‍ഗീസ് വള്ളിക്കാട്ട് ഉദ്ഘാടനം ചെയ്തു. തുടര്‍ന്ന് ആനന്ദിച്ച് ആഹ്ലാദിക്കുവിന്‍– അപ്പസ്തോലികാഹ്വാനത്തിന്റെ സാഹചര്യം എന്ന വിഷയത്തില്‍ റവ.ഡോ. വര്‍ഗീസ് വള്ളിക്കാട്ട്, വിശുദ്ധിയിലേക്കുള്ള എളുപ്പവഴികള്‍ എന്ന വിഷയത്തില്‍ റവ.ഡോ. സ്റ്റാന്‍ലി മാതിരപ്പിള്ളി, ജീവിതവിശുദ്ധിയും വെല്ലുവിളികളും എന്ന വിഷയത്തില്‍ റവ.ഡോ. മത്തായി കടവില്‍, ജീവിത വിശുദ്ധിയും ആത്മീയ ജാഗ്രതയും എന്ന വിഷയത്തില്‍ റവ.ഡോ. ജേക്കബ് നാലുപറയില്‍ എന്നിവര്‍ പ്രബന്ധങ്ങള്‍ അവതരിപ്പിച്ചു.

'ആനന്ദിച്ച് ആഹ്ലാദിക്കുവിന്‍' അപ്പസ്തോലിക പ്രബോധനത്തിന്റെ കേരള കത്തോലിക്കാസഭയുടെ ഔദ്യോഗികവിവര്‍ത്തനത്തിന്റെ പ്രകാശനം ആലപ്പുഴ രൂപത സഹായമെത്രാന്‍ ഡോ. ജെയിംസ് ആനാപറമ്പില്‍ നിര്‍വഹിച്ചു.

ഫ്രാന്‍സിസ് പാപ്പയുടെ കഴിഞ്ഞ അഞ്ചുവര്‍ഷത്തെ സന്ദേശങ്ങളുടെ സമാഹാരമായാണ് അപ്പസ്തോലിക പ്രബോധനം കണക്കാക്കപ്പെടുന്നത്. അപ്പസ്തോലിക പ്രബോധനത്തിന്റെ ആഴത്തിലുള്ള പഠനം ലക്ഷ്യമാക്കി ജൂണ്‍ 15, 16, 17 തിയതികളില്‍ ത്രിദിന സെമിനാറും സംഘടിപ്പിച്ചിട്ടുണ്ടെന്നു ഡീന്‍ ഓഫ് സ്റ്റഡീസ് ഫാ. ഷിബു സേവ്യര്‍ അറിയിച്ചു. മുന്‍കൂട്ടി പേരുകള്‍ രജിസ്റ്റര്‍ ചെയ്യുന്ന 100 പേര്‍ക്കാണു ത്രിദിന സെമിനാറില്‍ പ്രവേശനം. ഫോണ്‍: 0484-2805722, 2805815.

**റവ. ഫാ. വര്‍ഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറല്‍, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടര്‍, പി.ഒ.സി.

ഫോട്ടോ മാറ്റര്‍: 'ആനന്ദിച്ച് ആഹ്ലാദിക്കുവിന്‍' അപ്പസ്തോലിക പ്രബോധനത്തിന്റെ പ്രകാശനം ആലപ്പുഴ രൂപത സഹായമെത്രാന്‍ ഡോ. ജെയിംസ് ആനാപറമ്പില്‍, മാത്തുക്കുട്ടി-ആഗ്നസ് ദമ്പതികള്‍ക്ക് നല്കികൊണ്ട് നിര്‍വഹിച്ചു. റവ. ഡോ. സ്റ്റാന്‍ലി മാതിരപ്പിള്ളി, മോണ്‍. ജോര്‍ജ് കുരുക്കൂര്‍, റവ. ഫാ. വര്‍ഗീസ് വള്ളിക്കാട്ട്, സിസ്റ്റര്‍ സ്നേഹ എസ്.ഡി.. റവ. ഫാ. ഷിബു സേവ്യര്‍ എന്നിവര്‍ സമീപം